# സംസ്ഥാന വിവരാവകാശ കമ്മിഷൻ, കേരളം

**പുന്നൻ റോഡ്, തിരുവനന്തപുരം 695 039.**
Tel: 0471 2335199, Fax: 0471 2330920
**E-mail: sic@infokerala.org.in**


## AP No. 168/2007/SIC

No.1465/SIC-Gen2/07 04-07-2007

ശ്രീ വി. വിജയകുമാർ
ചരിവരത്ത് ഹൗസ്
സി.എം. സി. 20
ചേർത്തല പി. ഒ. – 688 524.
} **ഹർജിക്കാരൻ**

***Vs***

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
വിമൻസ് പോളിടെക്നിക് കോളേജ്
കോഴിക്കോട്
} **എതൃകക്ഷി**

## ഉത്തരവ്

ഹർജിക്കാരനായ ശ്രീ. വി. വിജയകുമാർ 05.03.2007 തീയതി സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ര ാം അപ്പീൽ വിവരാവാകാശ നിയമം വകുപ്പ് 19(3) അനുസരിച്ച് AP No. 168/2007/SIC ആയി ഫയലിൽ സ്വീകരിച്ച് അനന്തര നടപടികൾ ആരംഭിച്ചു. ഹർജിക്കാസ്പദമായ സാഹചര്യങ്ങൾ സംക്ഷിപ്തമായി താഴെ വിവരിക്കുന്നു.

ഹർജിക്കാരൻ 22.12.2006–ൽ എതൃകക്ഷി മുമ്പാകെ ഒരു അപേക്ഷ സമർപ്പിക്കുകയു ായി. എതൃകക്ഷിയുടെ ഓഫീസിൽ ഡി.സി.വി. ഡിപ്പാർട്ട്മെന്റിൽ ജോലിനോക്കുന്ന ബിന്ദു എന്ന ടീച്ചറെ സംബന്ധിച്ച 6 കാര്യങ്ങളാണ് അപേക്ഷകൻ ആവശ്യപ്പെട്ടത്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ''തികച്ചും വ്യക്തിപരമായതിനാലും വിവരാവകാശ നിയമ പ്രകാരം പൊതു താൽപര്യത്തെ ഒരു

തരത്തിലും ബാധിക്കാത്തതിനാലും'' നൽകുവാൻ നിർവാഹമില്ലന്ന് അറിയിച്ചു കൊ ് 06.01.2007-ൽ എതൃകക്ഷി മറുപടി നൽകുകയു ായി.

മറുപടിയിൽ തൃപ്തനാകാതെ 20.01.2007-ൽ അപ്പലേറ്റ് അതോറിറ്റി യായ ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ മുമ്പാകെ ഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. ഒന്നാം അപ്പീലിന് മറുപടി ലഭിക്കാത്തതിനാലാണ് ര ാം അപ്പീ ലുമായി കമ്മിഷൻ മുമ്പാകെ ഹർജിക്കാരൻ എത്തിയത്.

കമ്മിഷൻ അപ്പലേറ്റ് അതോറിറ്റിയോട് വിശദമായ റിപ്പോർട്ട് നൽകാൻ 09.05.2007-ൽ ആവശ്യപ്പെടുകയു ായി. 21.05.2007-ൽ കമ്മിഷന് അപ്പീൽ അതോറിറ്റി റിപ്പോർട്ട് നൽകുകയു ായി. 20.01.2007-ൽ സമർപ്പിച്ച ഒന്നാം അപ്പീൽ ''ഈ ഓഫീ സിൽ ലഭിച്ചതായി കാണുന്നില്ല. എങ്കിലും കോഴിക്കോട് വിമൻസ് പോളിടെക്നിക് കോളേജ് പ്രിൻസിപ്പലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വിവര ങ്ങൾ അറിയിക്കുന്നു.'' എന്നായിരുന്നു അപ്പലേറ്റ് അതോറിറ്റി റിപ്പോർട്ടിൽ വിശദീകരി ച്ചിരുന്നത്. അപ്പലേറ്റ് അതോറിറ്റിയുടെ റിപ്പോർട്ട് ഇപ്രകാരം തുടരുന്നു: ''അപേക്ഷ യിൽ ആ സ്ഥാപനത്തിലെ സെക്രട്ടറിയൽ പ്രാക്ടീസ് ബിസ്നസ് കറസ്പോൻസ് ഇൻസ്ട്രക്ടറായ കുമാരി. ബിന്ദു. ബി.ആർ ന്റെ സ്വകാര്യ വിവരങ്ങളാണ് ആവശ്യപ്പെട്ടി രുന്നത്. എന്നാൽ ആ വിവരങ്ങൾ തികച്ചും ഒരു മൂന്നാം കക്ഷിയുടെ വ്യക്തിപരമായ വിവരങ്ങൾ ആയതിനാൽ ടി പോളിടെക്നിക്കിലെ പബ്ളിക് ഇൻഫർമേഷൻ ആഫീ സർ ടിയാൾക്ക് ഒരു നോട്ടീസ് നൽകി ആരാഞ്ഞപ്പോൾ തന്റെ വ്യക്തിപരമായ വിവര ങ്ങൾ നൽകേ തില്ലെന്ന് അറിയിക്കുകയും, ശ്രീ വിജയകുമാർ ആവശ്യപ്പെട്ട വിവര ങ്ങൾ നൽകാൻ കഴിയില്ലെന്ന് ടി പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ ടിയാനെ അറി യിക്കുകയുമാണ് ചെയ്തത്.''

അപ്പലേറ്റ് അതോറിറ്റിയുടെ റിപ്പോർട്ട് കമ്മിഷൻ വിശദമായി പരിശോ ധിച്ചു. 20.01.2007-ൽ ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീൽ ലഭിച്ചതായി കാണുന്നില്ല എന്ന അപ്പലേറ്റ് അതോറിറ്റിയുടെ വാദം പ്രഥമ ദൃഷ്ട്യാ അംഗീകരിക്കുന്നു. കമ്മിഷൻ മുമ്പാകെ സമർപ്പിച്ച ര ാം അപ്പീൽ ഒന്നാം അപ്പീൽ കിട്ടിയില്ല എന്ന ഒന്നാം അപ്പീൽ അധികാരിയുടെ സമർപ്പണത്തിന്റെ വെളിച്ചത്തിൽ, ഒന്നാം അപ്പീൽ അധികാരിക്ക് ഇതി നാൽ റിമാന്റ് ചെയ്യുന്നു. ആയത് കിട്ടി 15 ദിവസത്തിനകം തീർപ്പാക്കേ താണെന്നും കമ്മിഷൻ ഉത്തരവാകുന്നു.

ഒന്നാം അപ്പീലിന്മേലുള്ള അപ്പലേറ്റ് അതോറിറ്റിയുടെ തീർപ്പ് എന്തു തന്നെയായാലും അത് കമ്മിഷൻ മുമ്പാകെ ര  ാം അപ്പീൽ സമർപ്പിക്കാനുള്ള ഹർജി ക്കാരന്റെ അവകാശത്തെ ഒരു തരത്തിലും ബാധിക്കുകയില്ലന്നും കമ്മിഷൻ ഇതിനാൽ വ്യക്തമാക്കുന്നു.

അപ്പീൽ ഹർജി ഇപ്രകാരം തീർപ്പു കൽപ്പിച്ച് **ഇന്നേദിവസം 2007 ജൂലൈ മാസം 4-ാം തീയതി** ഉത്തവ് പുറപ്പെടുവിക്കുന്നു.